II ഇ.ബി. XIV - കേരള നിയമസഭ/XVI-9

## പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2019 നവംബർ 08, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

22 (*271) കെ.എസ്.ആർ.ടി.സി. നൽകുന്ന വിദ്യാർത്ഥി കൺസഷൻ

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) നൽകിയ മറുപടിയിൽ, പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യമായും കുറഞ്ഞത് ഒരു വർഷം ദൈർഘ്യമുള്ളതും അംഗീകൃതവുമായ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യ നിരക്കിലും സ്വാശ്രയ കോളേജ് വിദ്യാർത്ഥികൾക്ക് നിബന്ധനകൾക്ക് വിധേയമായും കൺസഷൻ സൗകര്യം ലഭ്യമാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. യാത്രാ നിരക്കിന്റെ 17.32 ശതമാനം മാത്രമാണ് വിദ്യാർത്ഥികളിൽനിന്നും ഈടാക്കുന്നത്. ഇതനുസരിച്ച് 2018-19-ൽ 124,26,79,934 രൂപ കൺസഷനുവേണ്ടി

ചെലവഴിച്ചിട്ടുണ്ട്. കൺസഷൻ ആവശ്യപ്പെട്ട് ലഭിച്ചിട്ടുള്ള വ്യക്തിഗത അപേക്ഷകൾ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തി തീർപ്പാക്കുന്നതാണെന്നും എന്നാൽ അവശ്യ രേഖകളും അഫിലിയേഷൻ രേഖകളും ഹാജരാക്കാത്ത സ്ഥാപനങ്ങളുടെ അപേക്ഷകളും 40 കിലോമീറ്ററിൽ കൂടുതൽ ദൂരപരിധി ആവശ്യപ്പെടുന്നതും സർവ്വീസുകളുടെ എണ്ണം പരിമിതപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിലേയ്ക്കുള്ളതുമായ അപേക്ഷകളും ചീഫ് ഓഫീസ് തലത്തിൽ പരിശോധിച്ച് പ്രത്യേകാനുമതി നൽകി തീർപ്പാക്കുന്നതാണ്. കൺസഷൻ വ്യവസ്ഥയിലും നടപടിക്രമങ്ങളിലും മാറ്റം വരുത്താൻ ആലോചിച്ചിട്ടില്ലെന്നും അലോട്ട്മെന്റ് അടിസ്ഥാനത്തിൽ ദൂരെയുള്ള സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്ന കാര്യം പ്രത്യേക കേസായി പരിഗണിക്കുന്നതാണെന്നും ആദിവാസി മേഖലകളിലെ വിദ്യാർത്ഥികൾക്ക് സൗജന്യമായോ കൺസഷൻ നിരക്കിലോ യാത്രാസൗകര്യം ഏർപ്പെടുത്തുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. മറ്റ് സംസ്ഥാനങ്ങളിൽ പോയി പഠിക്കുന്ന വിദ്യാർത്ഥികളെക്കൂടി കൺസഷന്റെ പരിധിയിൽ ഉൾപ്പെടുത്തുന്ന കാര്യം ആലോചിക്കുന്നതാണെന്നും ഡിപ്പോ തലത്തിൽ നടത്തിവരുന്ന റിവ്യൂ മീറ്റിംഗുകൾ മുടക്കംകൂടാതെ നടത്തണമെന്ന്

ആവശ്യപ്പെട്ട് ഡിപ്പോ മാനേജർമാർക്ക് സർക്കുലർ നൽകിയിട്ടുണ്ടെന്നും യാത്രക്കാരും വരുമാനവുമുള്ള റൂട്ടുകളിലെ സർവ്വീസുകൾ പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും സാമ്പത്തികശേഷി മെച്ചപ്പെടുന്നതനുസരിച്ച് ശുചിമുറികൾ നവീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

23 (*272) കാർഷിക മേഖലയുടെ പുനരുദ്ധാരണം

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) നൽകിയ മറുപടിയിൽ, കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായി കൃഷി വകുപ്പ് നടപ്പിലാക്കുന്ന വാർഷിക പദ്ധതികൾക്കുപുറമെ 965.394 കോടി രൂപയുടെ 35 പദ്ധതികൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് സമർപ്പിച്ചിട്ടുണ്ടെന്നും വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കർഷകരെടുത്തിട്ടുള്ള വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 31-12-2019 വരെ മൊറട്ടോറിയം പ്രഖ്യാപിക്കുകയും 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് കാർഷിക ലോണുകളുടെ മൊറട്ടോറിയം കാലാവധി ദീർഘിപ്പിക്കുകയും 2019-ലെ പ്രളയത്തിന്റെ അടിസ്ഥാനത്തിൽ പ്രളയബാധിത ഗ്രാമങ്ങളിലെ കർഷകരെടുത്തിട്ടുള്ള വിള വായ്പകൾക്ക് ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം അനുവദിക്കുകയും

ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കർഷക കടാശ്വാസ കമ്മീഷൻ മുഖേന ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് നൽകിവന്നിരുന്ന വായ്പാ ആനുകൂല്യം 2018 ആഗസ്റ്റ് 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. 50,000 രൂപയ്ക്ക് മുകളിലുള്ള കുടിശ്ശികയ്ക്ക് നൽകുന്ന ആനുകൂല്യം ഒരു ലക്ഷത്തിൽ നിന്നും രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിക്കാനും കടാശ്വാസത്തിന് അപേക്ഷ സമർപ്പിക്കാനുള്ള സമയം 2019 നവംബർ 15 വരെ അനുവദിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് കർഷക കടാശ്വാസ കമ്മീഷൻ മുഖേന 75.1 കോടി രൂപയുള്ള ശിപാർശ സമർപ്പിക്കുകയും 19883 കർഷകർക്ക് ആനുകൂല്യം നൽകുകയും ചെയ്തിട്ടുണ്ട്. സാങ്കേതികശാസ്ത്ര മേഖലയിലെ നേട്ടങ്ങൾ ഉപയോഗപ്പെടുത്തി നൂതന കൃഷിരീതികൾ വ്യാപിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കിയതോടൊപ്പം കർഷകർക്ക് പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ആധുനിക മാർഗ്ഗങ്ങൾ ഉപയോഗിച്ച് പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും ശീതീകരിച്ച വിപണന ശൃംഖല രൂപീകരിക്കുന്നതിനുള്ള പ്രോജക്ട് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും ഇടുക്കി ജില്ലയിലെ കുരുമുളകിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി സുഗന്ധവ്യഞ്ജനങ്ങളുടെ വികസനം 2019-20 എന്ന പദ്ധതിയിൽ 500

ലക്ഷം രൂപയും വയനാട് ജില്ലയിലെ കുരുമുളക് കൃഷിയുടെ വികസനത്തിനായി 1700 ലക്ഷം രൂപയും വകയിരുത്തി പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. മലയോര മേഖലയിൽ വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ചവർക്കും പരിക്കേറ്റവർക്കും ചികിത്സാ സഹായമുൾപ്പെടെയുള്ള ധനസഹായം അദാലത്തുകൾ സംഘടിപ്പിച്ച് നൽകിയിട്ടുണ്ടെന്നും കാട്ടുപന്നിയുടെ ആക്രമണം രൂക്ഷമാകുന്ന സാഹചര്യത്തിൽ അവയുടെ എണ്ണം നിയന്ത്രിക്കുന്നതിനായി തോക്ക് ഉപയോഗിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ടെന്നും പ്രളയനഷ്ടത്തെത്തുടർന്ന് 41 കോടി രൂപയും 2019-20-ലെ വേനൽ കൃഷിനാശത്തിനായി 17 കോടി രൂപയും അധികമായി ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. 2018-ലും 2019-ലുമുണ്ടായ പ്രളയത്തിൽ തകർന്ന വില്ലേജ് റോഡുകളും പാലങ്ങളും പുതുക്കിപ്പണിയുന്നതിനായി പദ്ധതി തയ്യാറാക്കുന്നുണ്ടെന്ന് ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി അറിയിച്ചു.

24 (*273) <u>ഗതാഗത നിയമലംഘനങ്ങൾക്കുള്ള പിഴ</u>

ഗതാഗത വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പുതുക്കിയ കേന്ദ്ര മോട്ടോർ വാഹന നിയമ പ്രകാരം വാഹനങ്ങളിൽ കയറ്റുന്ന

അമിതഭാരത്തിന് ചുമത്തിയിരുന്ന പിഴ സംബന്ധിച്ച് പൊതുജന പ്രതിഷേധമുണ്ടായ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ അമിത ഭാരത്തിനുള്ള പിഴത്തുക 10,000/- രൂപയായും അധികമുള്ള ഓരോ ടണ്ണിനും 1,500/- രൂപയായും കുറച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സർക്കാർ വാഹനങ്ങളിൽ കൂളിംഗ് ഗ്ലാസ് പേപ്പർ ഒട്ടിക്കുന്നതുപോലുള്ള നിയമലംഘനം കണ്ടെത്തുന്ന കേസുകളിൽ കർശന നടപടി സ്വീകരിക്കുന്നതാണെന്ന് ബന്ധപ്പെട്ട വകുപ്പധികൃതരെ സർക്കുലർ മുഖേന അറിയിച്ചിട്ടുണ്ടെന്നും നിയമം കർശനമാക്കാൻ നിർദ്ദേശം നൽകുന്നതാണെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3274 മുതൽ 3613 വരെയുള്ള ചോദ്യങ്ങളിൽ 145 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)